# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2168 — 26.03.2013 ലെ മറുപടിയ്ക്ക്

## വ്യാപാരി ക്ഷേമനിധി പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വ്യാപാരി ക്ഷേമനിധി വിഹിതം അടയ്ക്കുകയും നിശ്ചിത പ്രായം കഴിഞ്ഞ് പെൻഷന് അപേക്ഷിക്കുകയും ചെയ്ത ചേർത്തല കടക്കരപള്ളി പഞ്ചായത്തിൽ മാടവന വീട്ടിൽ ശ്രീ. എം.റ്റി ചാക്കോയുടെ പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ഡി. 1306-ാം നമ്പർ അംഗത്വമുള്ള ശ്രീ. എം.ടി. ചാക്കോ എന്ന വ്യാപാരി ക്ഷേമനിധി അംഗത്തിന്റെ പെൻഷൻ അപേക്ഷ ലഭിക്കുകയും അതിന്മേൽ യഥാസമയം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായി പെൻഷൻ അനുവദിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ് ആവശ്യമാണ്. ടി അംഗം മേൽ രേഖ ഹാജരാക്കാത്തതിനാൽ തുടർ പെൻഷൻ നല്കുവാൻ സാധിച്ചിട്ടില്ല. ആദ്യമായി നടപ്പിലാക്കിയ പെൻഷൻ പദ്ധതിയിൽ ലൈസൻസിനു പകരം കച്ചവടം മതിയാക്കിയതായുള്ള ചേർത്തല മുൻസിപ്പൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം ലൈസൻസായി തെറ്റിദ്ധരിച്ച് 3200 രൂപ പെൻഷൻ അനുവദിക്കുകയും രണ്ടാംഗഡു കൊടുക്കുന്ന സമയത്ത് ടി കാര്യം മനസ്സിലാക്കി തുടർ പെൻഷൻ തടയുകയും ചെയ്തിട്ടുണ്ട്. |

(ബി) കച്ചവടം നിർത്തുകയും ലൈസൻസ് ഹാജരാക്കുവാൻ കഴിയാതെ വരുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് ബോർഡ് തീരുമാനം ഉണ്ടാക്കുന്നതിന് ശ്രമിക്കുമെന്ന് ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞിരുന്നതനുസരിച്ച് എന്തെങ്കിലും നടപടി ഉണ്ടായോ എന്നു വ്യക്തമാക്കുമോ;

(സി) ക്ലെയിംസ് കമ്മിറ്റിയുടെ അഭിപ്രായം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്മേൽ 13-02-2012-നു ശേഷമുള്ള ബോർഡ് യോഗത്തിൽ എന്തെങ്കിലും ചർച്ച നടന്നോ എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നിർദ്ധനനും രോഗിയുമായ ശ്രീ. എം. റ്റി. ചാക്കോ എന്ന ക്ഷേമനിധി അംഗത്തിന് വ്യാപാരി ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ ഇനി എന്തു ചെയ്യണമെന്ന് വിശദമാക്കുമോ ?

(ബി),(സി) & (ഡി) ലൈസൻസ് ഇല്ലാത്തവർക്ക് പെൻഷൻ അനുവദിക്കേണ്ട കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി വ്യാപാരി ക്ഷേമബോർഡ് ക്ലെയിംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും 5-7-12, 16-02-13 എന്നീ തീയതികളിലെ ബോർഡ് യോഗം പെൻഷൻ നൽകുന്നതിന് ലൈസൻസ് വേണ്ട എന്ന ക്ലെയിംസ് കമ്മിറ്റിയുടെ അഭിപ്രായം അംഗീകരിക്കുകയും, സർക്കാർ അനുമതിയോടെ ഇക്കാര്യം നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പെൻഷൻ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് ഹാജരാക്കണമെന്ന നിബന്ധന ഒഴിവാക്കുന്ന കാര്യം 16-02-2013-ൽ നടന്ന വ്യാപാരി ക്ഷേമനിധി ബോർഡ് യോഗം ചർച്ച ചെയ്തിട്ടുണ്ട്. ടി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ.